തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം

57(4336) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ :

(ബി) ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) തലശ്ശേരി-മാഹി ബൈപ്പാസിന്റെ ഒന്നാം ഘട്ടത്തിന്റെ (മുഴുപ്പിലങ്ങാടു മുതൽ തലശ്ശേരി കുത്തുപറമ്പ് റോഡുവരെ) നിർമ്മാണത്തിന് ആവശ്യമായ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ചു കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

അത്തോളിയിൽ ബൈപ്പാസ് റോഡ് നിർമ്മിക്കുവാൻ നടപടി

58 (4337) ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഹൈവേ 38-ൽ അത്തോളി അങ്ങാടി വളരെ വീതികുറവായതുകൊണ്ട് അത്തോളിയിൽ ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ :

(ബി) ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ : ഉണ്ടെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ :

(സി) ഈ റോഡിൽ വീതികുറഞ്ഞ സ്ഥലങ്ങളെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് കണക്ക് എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) ബൈപ്പാസ് റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് പഠനമൊന്നും നടത്തിയിട്ടില്ല.

(സി) റോഡിന്റെ വീതികുറഞ്ഞ ഭാഗങ്ങൾ വീതികൂട്ടുന്നതിനും മറ്റ് പരിഷ്കരണ പ്രവൃത്തികൾക്കുമായി 1522 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

വളവുപാറ-തലശ്ശേരി റോഡിന്റെ നിർമ്മാണം

59 (4338) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വളവുപാറ-തലശ്ശേരി റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇത് ഏത് ഘട്ടത്തിലാണ് വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിവരുന്ന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ റോഡിന്റെ പണി ടെണ്ടർ ചെയ്യുന്നതിനുള്ള പ്രീ ക്വാളിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു.

ഇടുക്കി ജില്ലയിലെ ചെപ്പുകുളം-മുലേക്കാട് റോഡ്

60 (4339) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ ചെപ്പുകുളം-മുലേക്കാട് റോഡ് എന്നാണ് ടെണ്ടർ ചെയ്തത് ; അടങ്കൽ തുക എത്ര ; പണി തടസ്സപ്പെടുവാൻ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ;

(ബി) പണി ടെണ്ടർ ചെയ്യാൻ തീരുമാനിച്ചപ്പോൾ വനം വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നുവോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) പണി എന്ന് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ചെപ്പുകുളം മുലേക്കാട് റോഡിന്റെ പണി രണ്ടു വർഷങ്ങൾക്കു മുമ്പ് ടെണ്ടർ ചെയ്തിരുന്നെങ്കിലും പ്രതികരണമില്ലാതിരുന്നതിനാൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.

ഇടുക്കി ജില്ലയിലെ പന്നിമറ്റം-കുളമാവ് റോഡിന്റെ പണി സ്തംഭിക്കുവാനുള്ള കാരണം

61(4341) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ പന്നിമറ്റം-കുളമാവ് റോഡിന്റെ പണി സ്തംഭിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പണി എന്ന് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) അടങ്കൽ തുക എത്രയായിരുന്നു എന്നും ഇതുവരെ എത്ര തുക കരാറുകാരന് നൽകിയിട്ടുണ്ട് എന്നും വെളിപ്പെടുത്താമോ ;

(ഡി) റോഡ് ടെണ്ടർ ചെയ്തത് എന്നായിരുന്നു ; റോഡ് ടെണ്ടർ ചെയ്യുന്നതിന് മുമ്പ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും ഇലക്ട്രിസിറ്റി ബോർഡിന്റെയും അനുമതി വാങ്ങിയിരുന്നോ ; വിശദ വിവരം വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly